(ബി) ഇപ്പോൾ എവിടെയെല്ലാമാണ് വൈദ്യുതി കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നത്;

(സി) കൂടുതൽ കൺട്രോൾ റൂമുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾക്കായി കൂടുതൽ ടി.എം.ആർ. ഡിവിഷനുകൾ സ്ഥാപിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലാണ് ഇപ്പോൾ വൈദ്യുതി കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നത്.

(സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കൺട്രോൾ റും ആരംഭിക്കുന്ന കാര്യം ബോർഡിന്റെ സജീവ പരിഗണനയിലാണ്.

(ഡി) കളമശ്ശേരിയിലും കണ്ണൂരും ടി.എം.ആർ. സബ്ഡിവിഷനുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

ഉന്നത വിദ്യാഭ്യാസ മേഖലയുടെ പരിഷ്കരണം

6 (*185)ശ്രീ. പി. വിശ്വൻ :

ശ്രീ. എൻ.ആർ. ബാലൻ :

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ കാലോചിതമായി പരിഷ്കരിക്കാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയുടെ പരിഷ്കരണം സംബന്ധിച്ച് എന്തെങ്കിലും നയം ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നയപരിപാടിയുടെ അടിസ്ഥാനത്തിൽ ഇതിനകം ഏതെല്ലാം മേഖലയിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തി എന്നു വെളിപ്പെടുത്തുമോ;

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഘടനയിൽ മാറ്റം വരുത്തി കൂടുതൽ പാഠ്യപദ്ധതികൾ ആരംഭിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് അദ്ധ്യാപക വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്)ഇതിനായി സംസ്ഥാനത്ത് ആധുനിക പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്. ആധുനിക സാങ്കേതികവിദ്യയുടെ പ്രസക്തി മനസ്സിലാക്കി ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ തുടങ്ങിയ നവീനരീതിയിലുള്ള

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോഴ്സുകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് പുതിയ കോഴ്സുകളും സ്ഥാപനങ്ങളും ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണപരമായ വളർച്ച ലക്ഷ്യമാക്കി (1) കപ്പാസിറ്റി എക്സ്പാൻഷൻ (2) ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (3) എഫിഷ്യന്റ് ഇംപ്രൂവ്മെന്റ് എന്ന് 3 ഘടകങ്ങളായി തിരിച്ച് ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, പുതുതായി കോഴ്സുകളും കോളേജുകളും ആരംഭിക്കുക, സിലബസ് കാലോചിതമായി പരിഷ്കരിക്കുക, അദ്ധ്യാപക പരിശീലനം, വ്യവസായ സംരംഭവുമായി കൂട്ടായ പ്രവർത്തനങ്ങൾ, സ്വയം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനുള്ള പരിശീലന പദ്ധതികൾ തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ കോളേജുകളിൽ കമ്പ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തൊഴിലധിഷ്ഠിത കോഴ്സുകളും ധാരാളം പുതിയ കോഴ്സുകളും അനുവദിക്കുകയും ചെയ്തിട്ടുണ്ട്. യു.ജി.സി. സ്കീം നടപ്പിലാക്കിയതിന്റെ ഭാഗമായി പ്രീഡിഗ്രി കോഴ്സ് കോളേജുകളിൽ നിന്നും വേർപ്പെടുത്തി വരുന്നു.

(ബി)&(സി) ഉന്നത വിദ്യാഭ്യാസ മേഖലയുടെ സർവ്വതോന്മുഖമായ പുരോഗതി ലക്ഷ്യമാക്കി പല പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ട്. കോളേജുകളിൽ പുതുതായി തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുകയും പ്രീഡിഗ്രി കോഴ്സ് പൂർണ്ണമായും കോളേജുകളിൽനിന്നും വേർപെടുത്തി ഹയർ സെക്കന്ററി വകുപ്പിന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) പുതിയ സ്ഥാപനങ്ങളും കോഴ്സുകളും ആരംഭിക്കുകയും പാഠ്യപദ്ധതികൾ കാലോചിതമായി പരിഷ്കരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. കോളേജുകളിൽ പുതുതായി തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് അദ്ധ്യാപന വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനായി റിഫ്രഷർ കോഴ്സുകളും ഇൻസർവീസ് കോഴ്സുകളും ധാരാളം സെമിനാറുകളും നടത്തിവരുന്നു. കേന്ദ്ര ഗവണ്മെന്റിന്റെയും ലോകബാങ്കിന്റെയും സഹായത്തോടുകൂടി അദ്ധ്യാപകർക്കു ക്വാളിറ്റി ഇംപ്രൂവ്മെന്റ് പദ്ധതി പ്രകാരം വേണ്ട പരിശീലനം നൽകിവരുന്നുണ്ട്. നിരവധി ഹ്രസ്വകാല കോഴ്സുകളും എം.ടെക്., പി.എച്ച്.ഡി. തുടങ്ങിയ കോഴ്സുകളും പഠിക്കാൻ അദ്ധ്യാപകരെ നിയോഗിച്ചു വരുന്നുണ്ട്.

(എഫ്) എം.ടെക്., പി.എച്ച്.ഡി. തുടങ്ങിയ കോഴ്സുകൾക്ക് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ തന്നെ പഠന സൗകര്യങ്ങളുണ്ട്. പോളിടെക്നിക്കുകളിലെ അദ്ധ്യാപകർക്ക് ഉപരിപഠനം നടത്തുന്നതിനായി ഏർപ്പെടുത്തിയ വൺ ടൈം ബി.ടെക്. കോഴ്സുകൾ തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട് എന്നീ എഞ്ചിനീയറിംഗ് കോളേജുകളിൽ നടത്തി വരുന്നു. കളമശ്ശേരിയിലുള്ള ടി.ടി.ടി.ഐ. യുടെ സഹകരണത്തോടുകൂടി ഹ്രസ്വകാല കോഴ്സുകളും നടത്തിവരുന്നുണ്ട്. സംസ്ഥാനത്ത് ആധുനിക പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 15 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനായുള്ള നടപടികൾ ആരംഭിച്ചു വരുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly